പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3047

28.01.2014 ൽ
മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി മണ്ഡലത്തിലെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ദാസൻ : | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം ; ഏതെല്ലാം പഞ്ചായത്തിൽ; ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയ തുക എത്ര; വ്യക്തമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | കൊയിലാണ്ടിയിൽ പയ്യോളി പഞ്ചായത്തിൽ കോട്ടത്തുരുത്തി ദ്വീപിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്തിട്ടും പരിഗണിക്കാതിരുന്നതിന് കാരണം വിശദമാക്കാമോ ; | (ബി) | കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ലഭ്യത കുറവായതിനാൽ മുൻഗണനാ ക്രമത്തിൽ സംസ്ഥാന ഉന്നതതല സമിതി പരിശോധിച്ചപ്പോൾ പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല. |
| (സി) | നിരവധി കുടുംബങ്ങൾ അധിവസിക്കുന്ന കോട്ടതുരുത്തി ദ്വീപിന്റെ പാർശ്വഭിത്തി സംരക്ഷണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | (സി) | റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭാവിയിൽ പരിഗണിക്കാവുന്നതാണ്. |

Sreelata T.P
സെക്ഷൻ ഓഫീസർ